# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 03/2024
# 16.05.2024 എ.കെ.ജി.സി.ടി ഭവൻ

## മിനിട്സ്

**അജണ്ട**

1. സ്വാഗതം
2. അനുശോചനം
3. ജന. സെക്രട്ടറി റിപ്പോർട്ട്
4. ജില്ലാ റിപ്പോർട്ട്
5. സംസ്ഥാന സമ്മേളനം - വരവ് ചിലവ് കണക്ക്
6. നാലു വർഷ ഡിഗ്രി കോഴ്സ്
7. വിവിധ സബ് കമ്മറ്റികൾ
8. മെമ്പർഷിപ്പ് / കെട്ടിട ഫണ്ട്
9. സൊസൈറ്റി
10. ഐഫെക്ടോ / എഫ്.എസ്.ഇ.ടി.ഒ
11. യൂണിറ്റ് വിസിറ്റ്
12. മറ്റ് ആവശ്യമായ കാര്യങ്ങൾ.

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. ഗീതാനമ്പ്യാർ എം. കെ., സന്തോഷ് ടി. വർഗീസ്, ഡോ. വിനു ഭാസ്കർ, രഘുദാസ് പി. വി., ശശി സി. ടി., ഡോ. എ. ബാലകൃഷ്ണൻ, ഡോ. മാണിക്യരാജ് കെ., ഡോ. ബി. അശോക്, ഡോ. ഗായത്രിദേവി ജി., ഡോ. സുമി ജോയി ഓലിയപ്പുറം, ഡോ. റിജുലാൽ ജി., രജിത സി. ആർ., ഡോ. സുശാന്ത് പി., ഡോ. ജിനീഷ് പി. എസ്., ഡോ. മഞ്ജുള കെ. വി., സജിത്ത് കുമാർ പി., ഡോ. കെ. റഹീം, ഡോ. മോത്തി ജോർജ്, അനൂപ് ജെ. ആലക്കപ്പള്ളി, സജീവ് യു. എസ്., ആൽബർട്ട് ആൻറണി ടി., ബ്രിജേഷ് എൻ. എസ്., ഡോ. ഉദയകുമാർ, ഡോ. സി. വി. ഷാജി, ഡോ. ശരത്ത് എസ്., ഡോ. ഷാനവാസ് പി. എച്ച്., ആസിഫ് ഇക്ബാൽ കാക്കശ്ശേരി, ഡോ. അജി. പി എൽ., ഡോ. സുനിത ഗണേഷ്, ഡോ. എം. എ. അസ്കർ, ഡോ. റോസ് നിക്സ് പി.കെ., ഡോ. ആനന്ദ് ടി. എ., ഡോ. മുഹമ്മദ് ബഷീർ ടി., ഡോ. ഷജില ബീവി, ഡോ.ബേബി ഷീബ.സി.പി

രാവിലെ 10 മണിക്ക് എ.കെ.ജി.സി.ടി ഭവനിൽ ചേർന്ന സംസ്ഥാന പ്രവർത്തക സമിതി യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. എൻ. മനോജ് ആധ്യക്ഷ്യം വഹിച്ചു.സംസ്ഥാന ട്രഷറർ ഡോ.എം.കെ ഗീതാ നമ്പ്യാർ അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

തൃശ്ശൂർ പീച്ചി ഡാമിൽ മുങ്ങി മരണമടഞ്ഞ എസ്.എഫ്.ഐ മഹാരാജാസ് കോളേജ് യൂണിറ്റ് സെക്രട്ടറി യഹിയ, പ്രശസ്ത ചലച്ചിത്ര, നാടക താരം കനകലത,പ്രശസ്ത ചലച്ചിത്ര സംവിധായകൻ ഹരികുമാർ, സംവിധായകൻ സംഗീത് ശിവൻ, കാട്ടാനയുടെ ആക്രമണത്തിൽ മരണമടഞ്ഞ മാതൃഭൂമി ന്യൂസ് ക്യാമറാമാൻ എ. വി മുകേഷ്, പ്രശസ്ത നാടക നടൻ എം.സി കട്ടപ്പന ,ഫോക്‌ലോർ അവാർഡ് ജേതാവും നാടൻ പാട്ട് കലാകാരനുമായ വാവന്നൂർ രതീഷ്, മാധ്യമപ്രവർത്തകൻ സ. ബിപിൻ ചന്ദ്രൻ, ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് മെത്രാപ്പൊലിത്ത മോറാൻ മാർ അത്തനേഷ്യസ് യോഹാൻ തുടങ്ങിയവരുടെ നിര്യാണത്തിൽ എ.കെ.ജി.സി.ടി സംസ്ഥാന പ്രവർത്തക സമിതി യോഗം അനുശോചനം രേഖപ്പെടുത്തുന്നു

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ,

2024 മാർച്ച് 2,3 തീയ്യതികളിൽ കണ്ണൂരിൽ ചേർന്ന എ.കെ.ജി.സി.ടി 66മത് സംസ്ഥാനസമ്മേളനം അംഗങ്ങളുടെ പങ്കാളിത്തം, ചർച്ച, നടത്തിപ്പ് എന്നിവകൊണ്ട് ഏറെ മികച്ചതായിരുന്നു. മികച്ച രീതിയിൽ സമ്മേളനം സംഘടിപ്പിക്കാൻ നേതൃത്വം നൽകിയ കണ്ണൂർ ജില്ലാ കമ്മറ്റിയേയും, പങ്കാളിത്തം കൊണ്ട് സമ്മേളനം വിജയിപ്പിച്ച അധ്യാപക സമൂഹത്തേയും, മുഴുവൻ സംഘടനാ ഭാരവാഹികളേയും സംസ്ഥാന പ്രവർത്തക സമിതിക്കു വേണ്ടി അഭിവാദ്യം ചെയ്യുന്നു. സമ്മേളനവുമായി ബന്ധപ്പെട്ട വരവ് ചിലവ് കണക്കുകൾ ഇന്ന് കമ്മറ്റിയിൽ ചർച്ച ചെയ്ത് അംഗീകരിക്കേണ്ടതുണ്ട്.

പ്രിൻസിപ്പൽ നിയമനവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഹർജി നൽകിയ നാല് അധ്യാപകരുടെ വാദഗതി അവരെ സ്ഥിരപ്പെടുത്തണം എന്നായിരുന്നു ഇത് ഹൈക്കോടതി അംഗീകരിച്ചില്ല. ഈ കേസ് ഹൈക്കോടതി അവസാനിപ്പിക്കുകയും കക്ഷികൾക്ക് എന്തെങ്കിലും പുതിയ വാദങ്ങൾ ഉണ്ടെങ്കിൽ ട്രിബ്യൂണലിൽ ബോധിപ്പിക്കാനും നിർദ്ദേശിച്ചു. എത്രയും വേഗം സർക്കാർ ട്രിബ്യൂണലിനെ സമീപിച്ച് കാര്യങ്ങൾ ബോധ്യപ്പെടുത്തി പ്രിൻസിപ്പൽ നിയമന നടപടികൾ മുന്നോട്ടു കൊണ്ടുപോകാനുള്ള നടപടി സ്വീകരിക്കും. പ്ലെയ്സ്മെന്റ്/ പ്രൊമോഷൻ നടപടികളിൽ ഇലക്ഷന്റെ പെരുമാറ്റചട്ടം നീങ്ങുന്ന മുറക്ക് തീരുമാനമാകുന്നതാണ്. ഡി.ഡി പ്രൊമോഷൻ കാര്യത്തിലും എത്രയും വേഗം അനുകൂല തീരുമാനം ഉണ്ടാകുന്നതാണ്.

സ്ഥലം മാറ്റം സംബന്ധിച്ച് കരട് ലിസ്റ്റ് ജൂൺ 4ന് ശേഷം ഇറങ്ങുന്നതാണ്. ഇത് സംബന്ധിച്ച് ഉണ്ടാവുന്ന പരാതികൾ ജില്ലയിൽ നിന്നും ക്രോഡീകരിച്ച് ജില്ലാ സെക്രട്ടറിമാർ സംസ്ഥാന സമിതിക്ക് നൽകണം. സാങ്കേതിക സർവകലാശാല സിലബസ് പരിഷ്കരണം വന്നപ്പോൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന വിഷയങ്ങളുടെ വർക്ക് ലോഡ് കുറയുന്ന സ്ഥിതി ഉണ്ടാവുകയും സംഘടന വേണ്ട ഇടപെടൽ നടത്തി പ്രശ്നം പരിഹരിക്കുകയും ചെയ്തു. കാലിക്കറ്റ് സർവ്വകലാശാല അക്കാദമിക് കൗൺസിലിലേക്ക് സംഘടനാപരമായി നമ്മൾ മത്സരിച്ച ആറ് സ്ഥാനങ്ങളിൽ നാലിലും മികച്ച വിജയം നേടി. ഡോ. ആൽബർട്ട് ആന്റണി (മാത്തമാറ്റിക്സ്), ഡോ. രാഹുൽ കെ (ഇക്കണോമിക്സ്), ഡോ.സമീറാ കുഞ്ഞു ( കൊമേഴ്സ്), ഡോ. ഗിരീഷ് ബാബു (സ്റ്റാറ്റിസ്റ്റിക്സ്) എന്നിവരാണ് വിജയിച്ചത്. ഇവരുടെ വിജയത്തിനായി പ്രവർത്തിച്ച സംഘടനയുടെ മുഴുവൻ ഭാരവാഹികളേയും, പിന്തുണ നൽകി കരുത്തേകിയ അധ്യാപക സമൂഹത്തേയും എ.കെ.ജി.സി.ടി സംസ്ഥാന പ്രവർത്തക സമിതിക്കുവേണ്ടി അഭിവാദ്യം ചെയ്യുന്നു. രണ്ടു സീറ്റുകൾ നമുക്ക് നഷ്ടപ്പെടാൻ ഉണ്ടായ സാഹചര്യം സംഘടനാപരമായി വിശദമായ ചർച്ച നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കണം. എം. ജി. സർവ്വകലാശാല ഏഷ്യൻ സർവ്വേ റാങ്കിങ്ങിൽ ഇന്ത്യയിൽ നാലാമത് എത്തിയത് അഭിമാനകരമാണ്. ഇതിനായി പ്രവർത്തിച്ച മുഴുവൻ ആളുകളേയും അഭിനന്ദിക്കുന്നു. നാലു വർഷ ഡിഗ്രി കോഴ്സ് ജൂലൈ ഒന്നിന് ആരംഭിക്കും.ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കോളേജ് തലത്തിൽ എം.എൽ.എമാരും നിർവ്വഹിക്കും. ഇതിന്റെ വിജയത്തിനാവശ്യമായ എല്ലാ ഇടപെടലും നമ്മൾ നടത്തണം. ഇത് നടപ്പാക്കുമ്പോൾ നമ്മുടെ തസ്തികകൾക്ക് നാലുവർഷത്തേക്ക് യാതൊരു മാറ്റവും ഉണ്ടാവുകയില്ല. ഗസ്റ്റ് നിയമനം 3 വർഷത്തേക്കായി ദീർഘിപ്പിക്കും. മുഴുവൻ അധ്യാപകർക്കും സർക്കാർ ആവശ്യമായ ട്രെയിനിംങ് നൽകും. ഇതുമായി ബന്ധപ്പെട്ട് ഉയർന്നു വരുന്ന ആശങ്കകൾ ഉന്നതവിദ്യാഭ്യാസമന്ത്രിയുടെ നേതൃത്വത്തിലുള്ള സമിതി ഓരോ മൂന്നുമാസവും അവലോകനം നടത്തി പരിഹരിക്കും. സംസ്ഥാന സമിതി യോഗത്തിനുശേഷം ജില്ലാ / യൂണിറ്റ് കമ്മറ്റികൾ സമയബന്ധിതമായി ചേർന്ന് കാര്യങ്ങൾ വിശദീകരിക്കണം.

യു.ജി.സി ഏഴാം ശമ്പള പരിഷ്കരണത്തിന്റെ കേന്ദ്ര വിഹിതം നേടുന്നതിനായി ഐഫെക്ടോയുമായി ചേർന്ന് പ്രക്ഷോഭം നടത്തണം. സംസ്ഥാനത്തെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ വരുന്ന നമ്മുടെ അധ്യാപകരുടെ പ്രശ്നം പരിഹരിക്കുന്നതിന്

എഫ്.എസ്. ഇ.ടി.ഒ. തലത്തിൽ വേണ്ട ഇടപെടൽ നടത്തണം. സംഘടനാപരമായ ഇടപെടലിന്റെ ഭാഗമായി നമ്മുടെ ഡി.എ 31% ആയിട്ടുണ്ട്.

നമ്മുടെ സംസ്ഥാന സമിതി ഓഫീസിൽ എത്തുന്ന നമ്മുടെ അംഗങ്ങൾക്ക് താമസത്തിന് ആവശ്യമായ സൗകര്യങ്ങളുടെ പരിമിതിയുണ്ട്. ഇതിന് പരിഹാരം എന്ന നിലയിൽ മുകളിൽ ആവശ്യത്തിന് ടോയിലറ്റ് സൗകര്യം ഉൾപ്പെടെ ഒരു നിലകൂടി പണിയുന്നത് ഏറെ ഗുണകരമാണ്. ഇതിന്റെ നിർമ്മാണത്തിന് ഏകദേശം 30 ലക്ഷം രൂപ ചിലവ് വരും. ഇതിനായി അംഗങ്ങളിൽ നിന്നും കെട്ടിടഫണ്ട് സമാഹരിക്കുന്ന കാര്യം ഇന്നത്തെ യോഗം ചർച്ച ചെയ്യണം. തെരഞ്ഞെടുപ്പ് ജോലിക്ക് അധ്യാപകരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് കമ്മീഷൻ കൈക്കൊള്ളുന്ന മാനദണ്ഡങ്ങൾ സംബന്ധിച്ച് കോളേജ് അധ്യാപകർക്കിടയിൽ നിരവധി പരാതികൾ ഉണ്ട്. ഈ വിഷയം ചർച്ച ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കണം. ഈ വർഷത്തെ യൂണിറ്റ് വിസിറ്റ് സംബന്ധിച്ച് തീരുമാനമെടുക്കണം. അക്കാദമിക് ഡയറി ജൂൺ ആദ്യവാരം അംഗങ്ങളിൽ എത്തിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് വിശദമായ ചർച്ചകൾക്ക് ശേഷം താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

**തീരുമാനങ്ങൾ**

1. മാർച്ച് 2,3 തീയ്യതികളിൽ കണ്ണൂരിൽ ചേർന്ന എ.കെ.ജി.സി.ടി 66മത് സംസ്ഥാന സമ്മേളനവുമായി ബന്ധപ്പെട്ട വരവ് ചിലവ് കണക്കുകൾ കമ്മറ്റിയിൽ ചർച്ച ചെയ്ത് അംഗീകരിച്ചു.
2. കാലിക്കറ്റ് സർവകലാശാല പരീക്ഷാ നടത്തിപ്പ്, കോളേജ്/ അധ്യാപകർക്ക് സർവ്വകലാശാല ഏർപ്പെടുത്തുന്ന അകാരണമായ ഫൈൻ എന്നീ വിഷയങ്ങളിൽ സംഘടനാ നേതൃത്വം എത്രയും വേഗം വൈസ് ചാൻസിലറുമായി ചർച്ച നടത്തുന്നതാണ്.
3. മെമ്പർഷിപ്പ് സമാഹരണത്തിനു ശേഷം ബിൽഡിംഗ് ഫണ്ട് ഇനത്തിൽ അംഗങ്ങളിൽ നിന്നും അസിസ്റ്റന്റ് പ്രൊഫസർ-1000, അസോസിയേറ്റ് പ്രൊഫസർ-2000, പ്രൊഫസർ-2500 വീതം തുക സമാഹരിക്കാൻ തീരുമാനിച്ചു. മെമ്പർഷിപ്പിൽ നിന്നും യൂണിറ്റ് വിഹിതം 225 രൂപയായി വർദ്ധിപ്പിച്ചു.
4. മൂന്നാർ ഫണ്ട് ഇനത്തിൽ നമ്മൾ സമാഹരിച്ച 7.25 ലക്ഷം രൂപ റിട്ടയേർഡ് ടീച്ചേഴ്സ് & ടീച്ചേഴ്സ് കോ.ഓപ്പറേറ്റീവ് സൊസൈറ്റിയിൽ തൽക്കാലത്തേക്ക് സ്ഥിരനിക്ഷേപം നടത്താൻ തീരുമാനിച്ചു.
5. കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച് സർക്കാരിന് കത്ത് നൽകും.
6. പേസ്ലിപ്പ്/ പ്ലെയ്സ്മെൻറ് സംബന്ധിച്ച് പ്രശ്നങ്ങൾ ഉള്ള അധ്യാപകരുടെ വിവരശേഖരണം ഉടൻ ജില്ലാ അടിസ്ഥാനത്തിൽ നടത്തും.
7. ഇപ്പോൾ ഇറങ്ങിയ യു.ജി.സി യുടെ ബി ഓപ്ഷൻ എക്സ്റ്റൻഷൻ സംബന്ധിച്ച് വ്യക്തത വരുത്താൻ ആവശ്യമായ സംഘടനാപരമായ ഇടപെടൽ നടത്തും.
8. പറവൂർ കോളേജ് വിഷയം, മഹാരാജാസ് കോളേജിലെ കോസ്റ്റ് ഷെയറിംങ് കോഴ്സുകൾ റെഗുലറൈസ് ചെയ്യുന്ന വിഷയം, കൊടുവള്ളി സർക്കാർ കോളേജ് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ അപകടാവസ്ഥ, എന്നിവയിൽ അടിയന്തിര ഇടപെടൽ ആവശ്യപ്പെട്ട് ഉന്നതവിദ്യാഭ്യാസ മന്ത്രിക്ക് കത്ത് നൽകും.
9. കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഉത്തരവ് ഇറക്കുന്ന നടപടി അവസാനിപ്പിക്കുക, പ്രിൻസിപ്പൽ ചുമതല വഹിക്കുന്ന അധ്യാപകരെ ക്ലാസ്സ് എടുക്കുന്ന ചുമതലയിൽ നിന്നും ഒഴിവാക്കുക, ഗസ്റ്റ് അധ്യാപക നിയമനത്തിന് സുതാര്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി എത്രയും വേഗം ഉത്തരവ് ഇറക്കുക തുടങ്ങിയ കാര്യങ്ങളിൽ ഉന്നത വിദ്യാഭ്യാസ മന്ത്രിക്ക് കത്ത് നൽകും.

10. ഓരോ കോളേജിലേക്കും ജൂൺ ആദ്യവാരം തന്നെ ജീവനിയുടെ ആഭിമുഖ്യത്തിൽ മുഴുവൻ സമയ കൗൺസിലർമാരെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഉന്നതവിദ്യാഭ്യാസ മന്ത്രിക്ക് കത്ത് നൽകും.
11. തെരഞ്ഞെടുപ്പ് ജോലിക്ക് അധ്യാപകരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് തെരഞ്ഞെടുപ്പ് കമ്മീഷൻ കൈക്കൊള്ളുന്ന മാനദണ്ഡങ്ങളിലെ അപാകത സംബന്ധിച്ച് കമ്മീഷന് നിവേദനം നൽകുന്നതാണ്.
12. സർക്കാർ കോളേജുകളിലെ ഗവേഷണ വിദ്യാർത്ഥികളുടെ ഫെലോഷിപ്പ് തുക പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്താൻ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കത്ത് നൽകും.
13. മലപ്പുറം സർക്കാർ വനിത കോളേജിന്റെ വാടക കുടിശ്ശിക വിഷയം എത്രയും വേഗം കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തും.
14. സംസ്ഥാന സമിതിയുടെ യൂണിറ്റ് സന്ദർശനം ഓണാവധിക്ക് മുൻപായി പൂർത്തീകരിക്കണം.
    സന്ദർശന ചുമതല
    തിരുവനന്തപുരം-ഡോ.മുഹമ്മദ് റഫീഖ് ടി., ഡോ. എം.എസ്.മുരളി, സജിത് കുമാർ പി.
    കൊല്ലം- രഘുദാസ് പി. വി., ഡോ. ഗായത്രിദേവി
    ആലപ്പുഴ- ശശി സി. ടി., രജിത സി. ആർ.
    കോട്ടയം - ഡോ. പ്രിൻസ് പി.ആർ, ഡോ. സുമി ജോയി ഓലിയപ്പുറം
    ഇടുക്കി - ഡോ.മുഹമ്മദ് റഫീഖ് ടി, ഡോ.ആർ.പ്രഗാഷ്
    എറണാകുളം- ഡോ. വിനു ഭാസ്കർ, ഡോ.റിജുലാൽ ജി.
    തൃശ്ശൂർ - സന്തോഷ് ടി വർഗ്ഗീസ്, ഡോ.ബി.അശോക്,
    പാലക്കാട് - ഡോ. എം. എസ്. മുരളി, ഡോ. മഞ്ജുള കെ. വി.,
    മലപ്പുറം - ഡോ. എൻ. മനോജ്, ഡോ. എ. ബാലകൃഷ്ണൻ, ഡോ.മാണിക്യരാജ് കെ ,
    കോഴിക്കോട്- ഡോ. എൻ. മനോജ്, സോബിൻ വർഗ്ഗീസ് എം.വി., ഡോ. സുശാന്ത് പി.,
    വയനാട്- ഡോ. ഗീതാനമ്പ്യാർ എം. കെ., ഡോ.സഞ്ജയ് കുമാർ എസ്.
    കണ്ണൂർ - സന്തോഷ് ടി വർഗ്ഗീസ്, ഡോ.ബേബി ഷീബ
    കാസർഗോഡ് - ഡോ. പ്രിൻസ് പി.ആർ, ഡോ.ജിനീഷ് പി. എസ്

യോഗം വൈകുന്നേരം 5 മണിക്ക് അവസാനിച്ചു.

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
16-05-2024

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി